(സി) പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിനു വേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും ആവശ്യമായ മെഷിനറി ലഭ്യമാകുന്നതിലുള്ള കാലതാമസമാണ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ വൈകുന്നതിനുള്ള കാരണം.

(ഡി) സ്വീകരിക്കും. ഇതിനുവേണ്ടി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 75 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഈ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ജനറേറ്റർ

82(2550) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്നും അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ഒരു 59 കെ.ഡബ്ല്യു.എ. ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) ലഭിച്ചിട്ടുണ്ട്. പ്രസ്തുത ജനറേറ്റർ സ്ഥാപിക്കുന്നതിന് വരുന്ന ചെലവ് കണക്കാക്കുന്നതിനായി എസ്റ്റിമേറ്റ് കോഴിക്കോട് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന് അയച്ചിരിക്കുകയാണ്.

സ്റ്റാഫ് നഴ്സുമാരുടെ നിയമനം

83(2551) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്ക് ആശുപത്രിയിലും കാസർഗോഡ് ജില്ലാ ആശുപത്രിയിലും നിലവിലുള്ള ബെഡ് സ്ട്രെങ്ത്ത് എപ്രകാരമാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly